"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതിവകുപ്പ് - സംസ്ഥാനത്ത് സാമൂഹ്യനീതിവകുപ്പിനു കീഴിൽ ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും അതിനായുള്ള മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(കൈ) നം.3/2025/SJD തീയതി,തിരുവനന്തപുരം, 23-06-2025

---

പരാമർശം:- 1. സ.ഉ.(എം.എസ്) നം.10/2022/എസ്ജെഡി തീയതി 03.09.2022

2. സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 02.12.2023, 04.07.2024 തീയതികളിലെ എസ്.ജെ.ഡി/5228/2022/ഇ.2 നമ്പർ കത്തുകൾ

**ഉത്തരവ്**

അനധികൃതമായി രാജ്യത്ത് പ്രവേശിക്കുന്ന വിദേശികളേയും, പാസ്സ്പോർട്ട് കാലാവധിയ്ക്ക് ശേഷവും/വിസ കാലാവധി തീർന്നശേഷവും അനധികൃതമായി രാജ്യത്ത് തുടരുന്ന വിദേശികളേയും, ശിക്ഷാകാലാവധി കഴിഞ്ഞോ, പരോളിലോ ജയിൽ മോചിതരാകുന്നവരും, മറ്റു വിധത്തിൽ സംരക്ഷണം ആവശ്യപ്പെടുന്നവരുമായ വിദേശ പൗരന്മാർക്ക് താൽക്കാലികമായി താമസിക്കാനുള്ള സൗകര്യത്തിനായി സംസ്ഥാനത്ത് ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും അതിനായുള്ള മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

2. പ്രസ്തുത ഉത്തരവിലെ ക്ലാർക്ക് തസ്തികയിലെ നിയമനം സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം 2 പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിൻറെ അടിസ്ഥാനത്തിൽ ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതിനായി അനുമതി നൽകികൊണ്ട് പുറപ്പെടുവിച്ച പരാമർശം 1 ഉത്തരവിലെ ജീവനക്കാരെ സംബന്ധിച്ച നിയമനവ്യവസ്ഥയിൽ താഴെപ്പറയും പ്രകാരം ഭേദഗതിവരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമനമ്പർ | തസ്തിക | എണ്ണം | നിയമനവ്യവസ്ഥ |
|---|---|---|---|
| | | | സാമൂഹ്യനീതിവകുപ്പിൽ നിന്നും ജില്ലാ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-1 റാങ്കിലുള്ള |

| | | | |
|---|---|---|---|
| 1 | ഹോം മാനേജർ | 1 | ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്. |
| 2 | സെക്യൂരിറ്റി ചീഫ് | 1 | പോലീസ് വകുപ്പിൽ നിന്നും എസ്.ഐ റാങ്കിലുള്ള ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്. |
| 3 | സെക്യൂരിറ്റി പേഴ്സണൽ | 3 | പോലീസ് വകുപ്പിൽ നിന്നും സിവിൽ പോലീസ് ഓഫീസർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്. |
| 4 | ക്ലാർക്ക് | 1 | സാമൂഹ്യനീതിവകുപ്പിൽ നിന്നും ക്ലാർക്ക് തസ്തികയിലുള്ള ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്. |
| 5 | കെയർ ടേക്കർ | 1 | ദിവസവേതന / കരാർ നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്. |
| 6 | കുക്ക് | 1 | ദിവസവേതന / കരാർ നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ് |
| 7 | എം.ടി സ്റ്റാഫ്/കാഷ്വൽ സ്വീപ്പർ | 1 | ദിവസവേതന / കരാർ നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ദിവസവേതനാടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | നിയമിക്കാവുന്നതാണ് |
| 8 | ഗേറ്റ് കീപ്പർ | 2 | ദിവസവേതന / കരാർ നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (ടി വകപ്പിന്റെ 03.05.2025-ലെ ഡബ്ളിയു.ഡബ്ളിയു.2/11/2022/ധന നമ്പർ കുറിപ്പ് പ്രകാരം)
ആഭ്യന്തര വകുപ്പ്
ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആന്റ് സ്റ്റേററ് പോലീസ് ചീഫ്, പോലീസ് ആസ്ഥാന കാര്യാലയം, പോലീസ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസ്, ജയിൽ ആസ്ഥാന കാര്യാലയം, ജയിൽ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്' എ & ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 23-06-2025 11:10:59

സെക്ഷൻ ഓഫീസർ